**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് – കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) -ൽ നടത്തുന്ന എം.ബി.എ, ബി..ബി.എ. (ട്രാവൽ ആന്റ് ടൂറിസം) സെൽഫ് ഫിനാൻസ് കോഴ്സിന് അനർഹരായ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ ആനുകൂല്യം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.27/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 28.03.2020.

പരാമർശം :- 1. 02.05.1966 -ലെ സ.ഉ.(അച്ചടി) നം.208/1966/ഇ.ഡി.എൻ. നമ്പർ ഉത്തരവ്.
2. 06.02.2019 -ലെ സ.ഉ.(സാധാ) നം.51/2019/ടൂറിസം നമ്പർ ഉത്തരവ്.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 01.02.2020 -ലെ ബി.സി.ഡി.ഐ.ആർ/ബി2/6/2020 (1) നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) - എ.ഐ.സി.റ്റി.യുടെ അംഗീകാരത്തോടെ കിറ്റ്സിൽ നടത്തുന്ന എം.ബി.എ, ബി.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) സെൽഫ് ഫിനാൻസ് കോഴ്സിന് അർഹരായ എസ്.സി / എസ്.റ്റി / ഒ.ബി.സി. വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഇ-ഗ്രാന്റ്സ് മുഖേന ഫീസ് ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ എസ്.സി / എസ്.റ്റി / ഒ.ഇ.സി. എന്ന് രേഖപ്പെടുത്തുന്നതിന് പകരം എസ്.സി / എസ്.റ്റി / ഒ.ബി.സി. എന്ന് രേഖപ്പെടുത്തിയതിനാൽ അനർഹരായ നിരവധി വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമായിട്ടുണ്ടെന്നും, മറ്റ് വകുപ്പുകളിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ആനുകൂല്യ തുക വിതരണം ചെയ്യുന്ന വകുപ്പുമായി ചർച്ച നടത്താത്തതിലാണ് ഇത്തരം വീഴ്ചകൾ ഉണ്ടാവുന്നതെന്നും, ആയതിനാൽ അടിയന്തരമായി ടി ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ടൂറിസം വകുപ്പിന് അടിയന്തര നിർദ്ദേശം നൽകണമെന്ന് സൂചന 3 -ലെ കത്തിലൂടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്വാശ്രയ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾക്ക് എസ്.സി / എസ്.റ്റി / ഒ.ഇ.സി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂവെന്ന് സൂചന 1 -ലെ ഉത്തരവ് പ്രകാരം

വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) - എ.ഐ.സി.റ്റി. യുടെ അംഗീകാരത്തോടെ കിറ്റ്സിൽ നടത്തുന്ന എം.ബി.എ, ബി.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) സെൽഫ് ഫിനാൻസ് കോഴ്സിന് പഠിക്കുന്ന അനർഹരായ ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സൂചന 2 ഉത്തരവ് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും നൽകി വന്നിരുന്ന വിദ്യാഭ്യാസ ആനുകൂല്യം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

വിനോദസഞ്ചാര (ബി) വകുപ്പ്
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), റസിഡൻസി കോമ്പൗണ്ട്, തൈക്കാട്, തിരുവനന്തപുരം
ഡയറക്ടർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.